ശ്രീ. വ. ശ്രീധരൻ: തിരുവനന്തപുരം സിറ്റിയിൽ, ഇതു് ബാധകമാക്കിട്ടുള്ളപ്രദേശത്തെ യാതൊരു ഗുണവും കിട്ടുന്നില്ല എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല.

ശ്രീ. വ. ശ്രീധരൻ: ഗുണം കിട്ടുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറ് ശ്രദ്ധയിൽ പെടുത്തിയാൽ അതിനെക്കുറിച്ചു് അന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിസ്സംശയമായും.

ശ്രീ. കെ. ബാലകൃഷ്ണൻ: ടെമ്പററി സിന് മാതിയേററിക്കു് ഈ ആക്ററ് ബാധകമാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണു തോന്നുന്നതു്, പക്ഷേ സൂക്ഷ്മം അറിഞ്ഞാൽ പാടില്ല.

ശ്രീ. പി. ഗോപാലൻ: ഈ ആക്ററിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള ആളുകളുടെ പേരിൽ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും.

ശ്രീ. വ. ശ്രീധരൻ: ഇതു നടപ്പിൽ വരുത്തിയിട്ടുണ്ടോ ഇല്ലയോ എന്നു് പരിശോധിക്കുന്നതിനു് ഏതു ഉദ്യോഗസ്ഥനെയാണു് ചുമതല പ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലേബർഡിപ്പാർട്ടുമെൻറിനെയാണു് ചുമതലപ്പെടുത്തിയിട്ടുള്ളതു്. ഇതുവരെ അവിടെ ഇതിനെ സംബന്ധിച്ചു് ആക്ഷേപം കിട്ടിയിട്ടില്ല.

ജന്മികരം.

* 514. [2] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയിൽ ചുമത്തപ്പെട്ടിരിക്കുന്ന അടിസ്ഥാനനികുതിക്കു് പുറമേയുള്ള ജന്മികരംപിരിവു് അവസാനിപ്പിക്കുവാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധമായി ഗവണ്മെൻറ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(സി) ജന്മികരം ഇനത്തിൽ ഈടാക്കിവരുന്ന മൊത്തം സംഖ്യ എത്ര;

(ഡി) ഇതിൽ ഗവണ്മെൻറിനു ലഭിക്കുന്ന കമ്മിഷൻ എത്ര?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) 102,89,94 രൂപ 4 ണ. 3 പൈസ.

(ഡി) 257,24 രൂപ 13 ണ. 8 പൈസ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ: ജന്മിക്കരം അവസാനിപ്പിക്കുന്നില്ലെന്നു പറഞ്ഞു, അതുകൊണ്ട് കൃഷിക്കാർക്ക് നികുതിഭാരം കൂടുതൽ ആണെന്നു് അറിയാമോ?

ശ്രീ എ. ജെ. ജാൺ: ഈ കാര്യം നിയമസഭയിൽ വാദപ്രതിവാദം ചെയ്തിട്ടുള്ളതാണു്.

ശ്രീ. വി. ശ്രീധരൻ: ജന്മിക്കരം അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ സ്വീകരിക്കുന്നതു് കൃഷിക്കാർക്ക് ഗുണപ്രദമല്ലേ?

ശ്രീ. എ. ജെ ജാൺ: കാണം ടെനൻസി ബിൽ കൊച്ചിയിൽ കൂടി വ്യാപിപ്പിച്ചതിനുശേഷം മദ്ധ്യവർത്തികളെ ഒഴിവാക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറ് ആലോചിക്കുന്നു എന്നു് പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള: മുൻ കാൺഗ്രസ്സു് മന്ത്രിസഭയിൽ റവന്യൂ മന്ത്രിയായിരുന്ന ശ്രീ. ചിദംബരനാഥനാടാർ ഈ രാജ്യത്തു് ജന്മിക്കരം വഴിയിൽ ആകെ 28 ലക്ഷം രൂപ പിരിക്കുന്നുണ്ടെന്നു് മറുപടി പറഞ്ഞതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിവില്ല.

ശ്രീ. പ. കെ. ചാത്തൻ: ജന്മിക്കരം പിരിച്ചെടുക്കുന്നതിനു് ചെലവാക്കുന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പിരിച്ചെടുക്കുവാൻ നടപടി എടുക്കാമോ?

ശ്രീ. എ. ജെ. ജാൺ: അതു് കാണം ടെനൻസി ബിൽ വാദപ്രതിവാദസമയത്തു് പ്രതിപാദിച്ചിട്ടുണ്ടു്.

മി. സ്പീക്കർ: ചോദ്യം 6.

ശ്രീ. ആർ. സുഗതൻ: ഞാൻ തന്നിരുന്ന ചോദ്യത്തിന്റെ തലക്കെട്ടും, ഇപ്പോൾ അച്ചടിച്ചിട്ട ചോദ്യത്തിന്റെ തലക്കെട്ടും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടു് ചോദ്യം 6 ചോദിക്കുന്നില്ല. ചോദ്യം ഏഴും ചോദിക്കുന്നില്ല.

മുതലാളിമാരുടെ മേൽ പ്രോസിക്യൂഷൻ.

* 515. [8] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമംവേജസ് ആക്ടിന്റെ പ്രാബല്യത്തിൽ വന്നതിനു ശേഷം ഇന്നേവരെ ഏതെങ്കിലും മുതലാളിയുടെ പേരിൽ മിനിമം വേജസ് ആക്ടിന്റെ 22-ാംവകുപ്പിൻപ്രകാരം നടപടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരുടെ പേരിൽ; ആരുടെയൊക്കെ; അതിൽ എത്ര പേരുടെ മേൽ എടുത്ത നടപടികളും പിൻവലിച്ചു; ആരെ എങ്കിലും ശിക്ഷിച്ചിട്ടുണ്ടോ; ആരെ ഒക്കെ; എന്തു ശിക്ഷ നൽകി;

(ബി) പ്രോസിക്യൂഷൻ നടപടികളും പിൻവലിച്ചിട്ടുണ്ടെങ്കിൽ കാരണമെന്തു്;

(സി) അന്നാട്ടുകാരുടെ മേൽ പ്രോസിക്യൂഷൻ നടപടി എടുക്കുമെന്നു് മന്ത്രി ഉറപ്പുനൽകിയിരുന്നില്ലേ; നടപടി എടുത്തോ?

LIBRARY ARCHIVES Kerala Legislative Assembly